**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/027/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 08-07-2026**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. റഫീഖ് മാളിയേക്കൽ മുഹമ്മദ്<br>പുടൂർ, കരിയംകോട് പി.ഒ.,<br>പാലക്കാട് ജില്ല- 678706 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ്<br>ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കുഴൽമന്നം, പാലക്കാട് ജില്ല. |

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. റഫീഖ് മാളിയേക്കൽ ലൈസൻസിയായ KSEBL ന്റെ കോട്ടായി ഇലക്ട്രിക് സെക്ഷനു കീഴിൽവരുന്ന ഒരു ഗാർഹിക ഉപഭോക്താവാണ്. ഇദ്ദേഹത്തിന്റെ ഉപഭോക്തൃ നമ്പർ: 1165264014999 ആണ്. 3.04kW കണക്റ്റഡ് ലോഡായി എടുത്തിട്ടുള്ള ഒരു 3 ഫേസ് 6F താരിഫിലുള്ള LT കണക്ഷൻ നിലവിലുണ്ട്. ഒരു ഗൃഹനിർമ്മാണത്തിന് വേണ്ടി എടുത്തിട്ടുള്ള ഒരു താൽക്കാലിക കണക്ഷന്റെ താരിഫ് വീട് പൂർത്തിയായപ്പോൾ 6F ൽ നിന്ന് 1A യിലേക്ക് മാറ്റുന്നതിനും കണക്റ്റഡ് ലോഡ് 47.52 kW ആയി ഉയർത്തുന്നതിനുമായി 13/11/2025 ൽ ഓൺലൈനായി അപേക്ഷ നൽകിയിരുന്നു. കൂടാതെ 10 kW ശേഷിയുള്ള Hybrid Solar System സ്ഥാപിക്കാൻ ആഗ്രഹിക്കുന്നതായും ലൈസൻസിയെ അറിയിച്ചിരുന്നു. പരാതിക്കാരന്റെ സ്ഥലം പരിശോധിച്ച് പോരായ്മകൾ ചൂണ്ടിക്കാട്ടി കത്ത് നൽകിയത് 29/11/2025 ൽ മാത്രമാണ്. ഇതിൽ 20 പിഴവുകൾ കണ്ടെത്തിയതായി കാണിച്ചിരുന്നു. എന്നാൽ അതൊന്നും

സ്ഥലപരിശോധനയിൽ കണ്ടെത്തിയ പിഴവുകളല്ലായിരുന്നു. പരിശോധനാ റിപ്പോർട്ടിലെ പിഴവുകൾ പരിഹരിച്ചു എന്നറിയിച്ചുകൊണ്ട് 02/12/2025 ൽ കത്ത് നൽകുകയുണ്ടായി. 04/12/2025 ൽ വീണ്ടും പരിശോധന നടത്തിയപ്പോൾ കണക്ടഡ് ലോഡ് 47.52 kW ആണെന്ന് ബോധ്യപ്പെടുകയും അത് നിലവിലുള്ള 100kVA ട്രാൻസ്ഫോർമറിന്റെ ശേഷിക്കതീതമാണെന്ന് കണ്ടെത്തുകയും ചെയ്തു. നിലവിലുള്ള 100 kVA transformer 160 kVA ആയി മാറ്റിയാൽ മാത്രമേ ഈ കണക്ഷനാവശ്യമായ ലോഡ് നൽകാൻ കഴിയു. എന്നാൽ അതിനുള്ള ചെലവ് ആയ Rs. 2,85,374/- രൂപ അടയ്ക്കണം എന്ന് അറിയിച്ചുകൊണ്ട് കത്തു പരാതിക്കാരന് ൽകുകയും ചെയ്തു. എന്നാൽ കണക്ടഡ് ലോഡിന് ആനുപാതികമായ തുക മാത്രമേ അടയ്ക്കാൻ ബാധ്യതയുള്ളൂ എന്ന അവകാശവാദത്തിൽ പരാതിക്കാരൻ തുക അടച്ചിട്ടില്ല. Supply Code പ്രകാരമുള്ള ആനുപാതിക തുക അടയ്ക്കാൻ പരാതിക്കാരൻ തയ്യാറാണ്. KSERC ഈ നിരക്ക് നിശ്ചയിച്ചു ഉത്തരവിറക്കിയിട്ടില്ലാത്തതിനാൽ ലൈസൻസിക്ക് അത് അനുവദിക്കാൻ കഴിയില്ല. കൂടാതെ ലോഡ് സ്ഥിരപ്പെടുത്താത്തതിനാൽ Solar plant ഉപയോഗിക്കാൻ കാലതാമസം ഉണ്ടായി. ഇതിനെതിരെ പരാതിക്കാരൻ CGRF ൽ നൽകിയ പരാതി OP/77/25-26 ആയി ഫയലിൽ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കി 23/03/2026 ൽ ഉത്തരവിറക്കിയിട്ടുള്ളതുമാണ്. CGRF ൻ്റെ ഉത്തരവിന്മേലുള്ള അപ്പീലായിട്ടാണ് ഈ പരാതി ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഞാൻ സമർപ്പിച്ച അധിക ലോഡ്/താരീഫ് മാറ്റം അപേക്ഷകളിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വരുത്തിയ ഗുരുതരമായ നിയമലംഘനങ്ങളും സി.ജി.ആർ.എഫ് (CGRF) മുമ്പാകെ അവർ നടത്തിയ വ്യാജ വാദങ്ങളും താഴെ പറയുന്ന പോയിന്റുകളിലൂടെ ബോധിപ്പിക്കുന്നു.

റെഗുലേഷൻ 35, 36 എന്നിവയുടെ ലംഘനവും 1 MW പരിധിയും: കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, Regulation 35 പ്രകാരം വിതരണ ശൃംഖലയുടെ നവീകരണ ചിലവുകൾ (Upgradation) ലൈസൻസിയാണ് വഹിക്കേണ്ടത്. കൂടാതെ Regulation 36 പ്രകാരം, 1 മെഗാവാട്ട് (1 MW/1000 kw) വരെയുള്ള ലോഡ് ആവശ്യങ്ങൾക്കായി വിതരണ ശൃംഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ ലൈസൻസി തന്നെ നിർവ്വഹിക്കേണ്ടതാണ്. എന്റെ ലോഡ് വെറും 47.52 kW (ഏകദേശം 55 KVA) മാത്രമായിരുന്നിട്ടും, സ്വന്തമായി ട്രാൻസ്ഫോർമർ അപ്ഗ്രേഡ് ചെയ്യണമെന്നും അതിനായി Rs. 2,85,374/- അടയ്ക്കണമെന്നും ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണ്. 1 MW

എന്ന വലിയ പരിധി നിയമം നിശ്ചയിച്ചിരിക്കെ, 50 KVA എന്ന പഴയ മാനദണ്ഡം കാണിച്ച് ഉപഭോക്താവിനെ ദ്രോഹിക്കുന്നത് അധികാര ദുർവിനിയോഗമാണ്.

ഇൻസ്പെക്ഷൻ തീയതിയിലെയും നടപടികളിലെയും കളവ്: എതിർകക്ഷികൾ 17.11.2025-ന് ഇൻസ്പെക്ഷൻ നടത്തി എന്ന് റെഗുലേഷൻ 77 പ്രകാരമുള്ള 5 ദിവസത്തെ സമയപരിധി അവകാശപ്പെടുന്നത് പൂർണ്ണമായും തെറ്റാണ്. സപ്ലൈ കോഡ് ലംഘിച്ചതിനെ ന്യായീകരിക്കാൻ അവർ ചമച്ച നുണയാണിത്. പരിശോധന നടന്നുവെങ്കിൽ എന്തുകൊണ്ട് അന്നേ ദിവസം റെഗുലേഷൻ 78(1) പ്രകാരമുള്ള റിപ്പോർട്ട് (Annexure 6) നൽകിയില്ല എന്നതിനും അവർക്ക് മറുപടിയില്ല.

നിയമപരമായ 'Annexure 6' ഫോം നൽകാത്തതിലെ വീഴ്ച: ഇൻസ്പെക്ഷൻ റിപ്പോർട്ട് നിശ്ചിത മാതൃകയിലുള്ള 'Annexure 6' ഫോമിൽ നൽകണമെന്ന് നിയമമുണ്ടായിരിക്കെ, എനിക്ക് നൽകിയത് നിയമപരമായ യാതൊരു സാധുതയുമില്ലാത്ത ഒരു വെള്ളക്കടലാസാണ്. സി.ജി.ആർ.എഫ് നിരീക്ഷണത്തിൽ 'പ്രിന്റഡ് ഫോമിൽ വേണ്ടാത്ത കാര്യങ്ങൾ വെട്ടിക്കളഞ്ഞതാവാം' എന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്; എനിക്ക് യഥാർത്ഥ ഫോം നൽകിയിട്ടേയില്ല.

രേഖകളിലെ തിരിമറിയും വ്യാജ ഒപ്പും (Fabrication of Evidence): എനിക്ക് നൽകിയ ഡിമാൻഡ് നോട്ടീസിൽ ഉദ്യോഗസ്ഥന്റെ ഒപ്പോ ഓഫീസിന്റെ സീലോ ഉണ്ടായിരുന്നില്ല. എന്നാൽ സി.ജി.ആർ.എഫിന് മുമ്പാകെ ലൈസൻസി ഹാജരാക്കിയ പകർപ്പിൽ പിന്നീട് സിലും ഒപ്പും പതിപ്പിച്ചിരിക്കുകയാണ്. എനിക്ക് ലഭിച്ച ഒറിജിനൽ പകർപ്പ് (Consumer Copy) ഇതിന് തെളിവായി ഞാൻ ഹാജരാക്കുന്നു. നീതിപീഠത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള ഇത്തരം ശ്രമങ്ങൾ ഗൗരവകരമാണ്.

ലോഡ് വിവരങ്ങൾ സംബന്ധിച്ച തെറ്റായ വാദം: അപേക്ഷയോടൊപ്പം തന്നെ 'Detailed Load Breakup' ഞാൻ സമർപ്പിച്ചിരുന്നു. വിവരങ്ങൾ നൽകിയില്ലെന്നും പിന്നീട് അറിയിക്കാം എന്ന് ഉപഭോക്താവ് പറഞ്ഞു എന്നും ഉദ്യോഗസ്ഥർ പറയുന്നത് എന്റെ അപേക്ഷയിലെ രേഖകൾ ബോധപൂർവ്വം മറച്ചുവെച്ചുകൊണ്ടാണ്.

സുരക്ഷാ മാനദണ്ഡങ്ങൾ (Regulation 15(5)): റെഗുലേഷൻ 15(5) പ്രകാരം ഭൂമിയിലേക്കുള്ള വൈദ്യുതി ചോർച്ച തടയാൻ അനുയോജ്യമായ എർത്ത് ലീക്കേജ് സംരക്ഷണ സംവിധാനങ്ങൾ (RCCB) സ്ഥാപിക്കണമെന്ന

നിബന്ധന പ്രകാരം ഞാൻ പത്തോളം (10) RCCB-കൾ സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ ഇത്രത്തോളം കർശനമായി പാലിച്ചിട്ടും, നിയമത്തിൽ ആവശ്യപ്പെടാത്ത ടെസ്റ്റ് റിപ്പോർട്ടുകൾ വേണമെന്ന് വാശിപിടിച്ച് നടപടികൾ വൈകിപ്പിച്ചത് നിയമവിരുദ്ധമാണ്.

ആവശ്യങ്ങൾ (Relief Sought): നിയമവിരുദ്ധമായി ആവശ്യപ്പെട്ട Rs. 2,85,374/- എന്ന ഡിമാൻഡ് നോട്ടീസ് റദ്ദാക്കുക. അപേക്ഷ നൽകിയ 13.11.2025 മുതൽ മുൻകാല പ്രാബല്യത്തോടെ താരീഫ് മാറ്റം അനുവദിക്കുക. രേഖകളിൽ തിരിമറി നടത്തിയതിനും വ്യാജ വിവരങ്ങൾ നൽകിയതിനും ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുക. സോളാർ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്തതുമൂലം എനിക്കുണ്ടായ വൻ സാമ്പത്തിക നഷ്ടത്തിന് മതിയായ നഷ്ടപരിഹാരം അനുവദിക്കുക.

## എതിർകക്ഷിയുടെ വാദം

കോട്ടായി ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള ശ്രീ റഫീഖ് മാളിയേക്കൽ, പൂട്ടർ, പാലക്കാട്, കൺസ്യൂമർ നമ്പർ 1165264014999 എന്ന വിലാസത്തിൽ അറിയപ്പെടുന്ന ഹർജിക്കാരൻ, 6F താരിഫിൽ 3040 വാട്ട് കണക്ടഡ് ലോഡ് ഉള്ള 3 ഫേസ് ഉപഭോക്താവാണ്. 13.11.2025-ന് ഉപഭോക്താവ് KSEB യിൽ LT 6 F ൽ നിന്ന് 1A താരിഫിലേക്ക് മാറ്റുന്നതിനും നിലവിലുള്ള ലോഡ് 3.04 kw-ൽ നിന്ന് 47.52 kW ആക്കി വർദ്ധിപ്പിക്കുന്നതിനുമായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചിരുന്നു. 10 kW ഓൺ ഗ്രിഡ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയിടുന്നതായും 10kW ബാറ്ററി സ്റ്റോറേജ് സോളാർ സിസ്റ്റം ഉടൻ ഉൾപ്പെടുത്തുമെന്നും സൂചിപ്പിക്കുന്ന ഒരു കത്തും ഇതോടൊപ്പം സമർപ്പിച്ചിരുന്നു. മുകളിൽ പറഞ്ഞ ഇൻസ്റ്റാലേഷൻ ശേഷം അഭ്യർത്ഥിച്ച ലോഡ് 20 kW ആയി കുറയാൻ സാധ്യത ഉണ്ടെന്നും അദ്ദേഹം അറിയിച്ചു. അപേക്ഷയോടൊപ്പം ഉപഭോക്താവിന്റെ ആധാർ കാർഡ്, ടെസ്റ്റ് കം കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ലൈസൻസുള്ള കോൺട്രാക്ടറുടെ ലോഡ് വിശദാംശങ്ങൾ എന്നിവ പോലുള്ള ആവശ്യമായ രേഖകളും ചേർത്തിട്ടുണ്ട്. തന്നിരിക്കുന്ന ലോഡ് വിശദംശങ്ങൾ, കണക്റ്റഡ് ലോഡ് 47.52kW ആണെന്ന് വ്യക്തമായി കാണിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റഗുലേഷൻ 76 പ്രകാരം ഉപഭോക്താവിനുള്ള സേവനങ്ങൾ വൈകിപ്പിച്ചുകൊണ്ട് റെഗുലേഷൻ 76 ലംഘിച്ചിരിക്കുന്നു എന്നത് നിരസിക്കുന്നു.

അപേക്ഷ ലഭിച്ചത് പ്രകാരം രണ്ടാമത്തെ എതൃകക്ഷി ഇലക്ട്രിസിറ്റി സപ്ലൈകോഡ് റെഗുലേഷൻ 77 പ്രകാരം 17.11.2025 ന് പരിസരം

സന്ദർശിക്കുകയും ഇൻസ്റ്റാലേഷനുകളിൽ ചില തകരാറുകൾ കണ്ടെത്തുകയും അപേക്ഷ പൂർത്തികരിക്കുന്നതിനായി അവ പരിഹരിക്കാൻ ഉപഭോക്താവിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇത് റെഗുലേഷൻ 77, 99(6) ലംഘിക്കുകയും ഉപഭോക്താവിന് സേവനങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു എന്നത് നിരസിക്കപ്പെടുന്നു. സ്ഥലം പരിശോധിക്കുന്നതിന് യാതൊരു ഉദാസീനതയും എതൃകക്ഷികളിൽ നിന്ന് ഉണ്ടായിട്ടില്ല. പരിശോധ നടന്നത് പരാതിക്കാരന്റെ സമ്മർദ്ദം കാരണവും ആയിരുന്നില്ല. പരിശോധന തിയതി സംബന്ധിച്ച് രേഖകളിൽ കൃത്രിമത്വം ഉണ്ടായി എന്നത് നിഷേധിക്കുന്നു.

പരിശോധനാ സ്ഥലത്ത് വയറിംഗ് ജോലികൾ പൂർത്തിയായിട്ടില്ലെന്നും, സ്വിച്ച് ബോക്സുകൾ തുറന്നിട്ടിരിക്കുകയാണെന്നും, RCCB ഇൻസ്റ്റാൾ ചെയ്തതിട്ടില്ലെന്നും, ബോക്സുകൾ തുറന്നിട്ടിരിക്കുന്നു എന്നതിനർത്ഥം അവ ബോർഡിൽ ഉറപ്പിച്ചിട്ടില്ലെന്നും തൂങ്ങിക്കിടക്കുന്ന അവസ്ഥയിലാണെന്നും ആണ്. ഇതെല്ലാം ചെറിയ കാര്യങ്ങൾ ആണെന്നും ഒരു ഇലക്ട്രിക്കൽ കോൺട്രാക്ടറെ സമീപിച്ച് ഉടൻ തന്നെ അത് പരിഹരിച്ചു തരാമെന്നും ആണ് പരാതിക്കാരൻ ആ സന്ദർശന ദിവസം മറുപടി നൽകിയത്. കൂടാതെ ബാറ്ററി സ്റ്റോറേജുള്ള സോളാർ സിസ്റ്റം ഏതാനും ദിവസങ്ങൾക്കുള്ളിൽ സ്ഥാപിക്കുമെന്നും, അങ്ങനെ ലോഡ് കുറയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആ സമയത്ത് കെഎസ്ഇബി ആശയക്കുഴപ്പത്തിലായി. ആ സമയത്ത് അദ്ദേഹത്തിന് മാത്രമേ ആവശ്യമായ യഥാർത്ഥ ലോഡ് എന്താണെന്ന് പറയാൻ കഴിയുമായിരുന്നുള്ളൂ. കുറച്ച് ദിവസം കൂടി കാത്തിരിക്കാൻ അദ്ദേഹം ഞങ്ങളോട് അഭ്യർത്ഥിച്ചു. തകരാറുകൾ പരിഹരിച്ചതിനു ശേഷം അദ്ദേഹം കെഎസ്ഇബിഎൽ നെ അറിയിക്കാമെന്നും ഒരുപക്ഷെ അതിനകം സോളാർ പ്ലാന്റ് ഇൻസ്റ്റാലേഷനും പൂർത്തിയായേക്കാമെന്നും അദ്ദേഹം പറഞ്ഞു. പരാതിക്കാരന്റെ വാക്കുകൾ വിശ്വസിച്ചതിനാൽ, അവിടെ വച്ച് അദ്ദേഹത്തിന് ഒരു തകരാർ നോട്ടീസ് നൽകിയില്ല. പകരം തകരാറുകൾ പരിഹരിക്കുന്നതിനും സോളാർ സിസ്റ്റം പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള അറിയിപ്പിനും വേണ്ടി എതൃകക്ഷികൾ കാത്തിരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അപേക്ഷ നിരസിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ് സ്ഥലത്തുതന്നെ തകരാറ് നോട്ടീസ് നൽകാതിരുന്നത്. ഇതെല്ലാം പരാതിക്കാരന് ബുദ്ധിമുട്ടാവാത്തവിധം സഹായിക്കാനായിരുന്നു. ആയതിനാൽ റെഗുലേഷൻ 78 (1), 38 (2), 76 എന്നിവ ലംഘിക്കപ്പെടുകയും പരാതിക്കാരന് സേവനങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തു എന്നത് നിഷേധിക്കുന്നു. രണ്ടാമത്തെ എതൃകക്ഷി അനുബന്ധം 6 ഫോമിൽ ഒപ്പിട്ട് വിതരണം ചെയ്യാൻ വിസമ്മതിച്ചു എന്നതും നിരസിക്കുന്നു 29.11.2025 ന് 20 ഇനങ്ങളുടെ

പിഴവുകളുടെ ഒരു പരിശോധനാ റിപ്പോർട്ട് അദ്ദേഹത്തിന് നൽകി എന്ന് പറഞ്ഞത് എതൃകക്ഷികൾ നിഷേധിക്കുന്നു. നൽകിയിരിക്കുന്ന പരിശോധനാ റിപ്പോർട്ട് അച്ചടിച്ച ഫോർമാറ്റിലായിരുന്നു. ഇത് സാധാരണയായി പരിശോധനകൾക്ക് ഉപയോഗിക്കുന്നു. കൂടാതെ അവയിൽ ആവശ്യമായ ഇനങ്ങൾ പേന ഉപയോഗിച്ച് ടിക്ക് ചെയ്യുകയോ ആവശ്യമെങ്കിൽ എഴുതുകയോ ചെയ്യുന്നു. ഈ ഇൻസ്റ്റാലേഷനുകളുടെ പിഴവുകൾ ആ ഫോറത്തിൽ ശരിയായി എഴുതി അദ്ദേഹത്തിന് നൽകിയിരിക്കുന്നു. ഈ രണ്ട് പിഴവുകളും പരിഹരിച്ചതിന് ശേഷം മാത്രമാണ് പരാതിക്കാരൻ മറുപടി സമർപ്പിച്ചത്.

കെഎസ്ഇബിഎൽ ന്റെ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു സർക്യൂട്ടിൽ ആർസിസിബി നിർബന്ധമാണ്. **2024** ൽ പുറത്തിറങ്ങിയ സപ്ലൈ കോഡ് അമെന്റ്മെന്റ് പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആർസിസിബി യുടെ സെൻസിറ്റിവിറ്റി പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാലാണ് ആർസിസിബിയുടെ പരിശോധനാ റിപ്പോർട്ടുകൾ അപേക്ഷയോടൊപ്പം അറ്റാച്ച് ചെയ്യാൻ ആവശ്യപ്പെട്ടത്. അതിനാൽ ഇവയിൽ ബുദ്ധിമുട്ടുകളൊന്നും എതൃകക്ഷികൾ വരുത്തിയിട്ടില്ല. കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് **2014** ഈ ഉപഭോക്താവിന് അനാവശ്യമായ റെഗുലേഷൻ **15(5)** പ്രകാരം ആണ് **RCCB** റിപ്പോർട്ട് പരാതിക്കാരനിൽ നിന്നും ആവശ്യപ്പെട്ടത്, അത് ലൈസൻസി എന്ന നിലയിൽ എതൃകക്ഷികളുടെ ഉത്തരവാദിത്വം ആയിരുന്നു.

താരിഫ് മാറ്റ അഭ്യർത്ഥന പരിഗണിക്കുന്നതിന്, ലോഡ് പ്രാഥമിക സേവനമായതിനാൽ ലോഡ് ക്രമപ്പെടുത്തണം. ആയതിനാൽ താരിഫ് മാറ്റ അപേക്ഷയുടെ കാര്യത്തിലും എതിർകക്ഷിയുടെ ഭാഗത്തുനിന്നും യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല എന്ന് സമർപ്പിക്കുന്നു. പരിശോധനാ റിപ്പോർട്ടുകളിലെ പിഴവുകൾ പരിഹരിച്ചതായി ചൂണ്ടിക്കാട്ടി **02.12.2025**ന് ഹരജിക്കാരൻ ഒരു കത്ത് സമർപ്പിച്ചിരുന്നു. തന്റെ സ്ഥലത്ത് കണ്ടെത്തിയ പിഴവുകളോ, പോരായ്മകളോ പരിഹരിക്കുന്നതിന് അപേക്ഷകൻ എടുത്ത സമയം സേവനത്തിന്റെ സമയപരിധിയിൽ ഉൾപ്പെടുന്നില്ല. ഈ കത്തിൽ തന്റെ വിട്താമസം **05.12.2025** ന് തന്നെ ഷെഡ്യൂൾ ചെയ്യാൻ തിരുമാനിച്ചിരിക്കുന്നതിനാൽ ലോഡ് വർദ്ധനവ്, താരിഫ് സേവനങ്ങൾ എന്നിവയിൽ വേഗത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാതിക്കാരൻ അഭ്യർത്ഥിച്ചു. എന്നാൽ ലോഡ് പരിഹരിക്കേണ്ടതിന് പോലുള്ള പ്രധാന ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി ഉയർത്തേണ്ടതിനാൽ, രണ്ടാമത്തെ എതിർകക്ഷി ഇക്കാര്യത്തിൽ നിസ്സഹായനായിരുന്നു.

02.12.2025 ലെ കത്തിന്റെ അടിസ്ഥാനത്തിൽ, രണ്ടാമത്തെ എതിർകക്ഷി 5 ദിവസത്തിനുള്ളിൽ 04.12.2025ന് സ്ഥലം വീണ്ടും പരിശോധിച്ചു. വൈദ്യുതി വിതരണ കോഡ് 2014ലെ റെഗുലേഷൻ 79 അനുസരിച്ച് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ലോഡ് 47.52 kW ൽ നിന്ന് കുറയ്ക്കാൻ സാധ്യതയില്ലെന്ന് കണ്ടെത്തി. 13.11.2025 പരാതിക്കാരന്റെ കത്തിൽ ഇത് പരാമർശിച്ചുട്ടുണ്ട്. പരാതിക്കാരന് വൈദ്യുതി വിതരണം ലഭിക്കുന്ന ആനിക്കോട് ട്രാൻസ്ഫോർമർ എന്ന 100 KVA ട്രാൻസ്ഫോർമർ, ഉപഭോക്താവിന്റെ നിലവിലെ ലോഡ് നിറവേറ്റുന്നതിന് 160 KVA ആയി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടെന്നു് കണ്ടെത്തി. മാത്തൂർ, പിരായിരി ഗ്രാമ പഞ്ചായത്തുകളുടെ യഥാക്രമം 35 HP (26 kW) 20 36 HP (26.85 kW) വും Do ശേഷിയുള്ള കേരള അതോറിറ്റിയുടെ കുടിവെള്ള കണക്ഷനുകളുടെ 2 എണ്ണവും, ഏകദേശം 20 ഓളം ഗാർഹിക ഉപഭോക്താക്കളും ഈ ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി ഉപയോഗിക്കുന്നതിനാൽ മൊത്തത്തിലുള്ള പിക്ക് ലോഡും, നൈറ്റ് പിക്ക് ഡിമാൻഡും ഉയർന്നതാണ്, പിക്ക് കറന്റ് ഏകദ്ദേശം 130 വരെ എത്തുന്നു. 8.05.12.2025 ന് പരാതിക്കാരന്റെ സർവ്വീസ് വയർ ഓവർലോഡ് കാരണം കത്തിയതായി സമർപ്പിക്കുന്നു. പരാതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും, നിലവിലുള്ള 7/20 കേബിൾ, യു ജി കേബിളിലേക്ക് മാറ്റി ആ തീയ്യതിയിൽ തന്നെ അത് ശരിയാക്കുകയും ചെയ്തു. പരാതിക്കാരൻ ഇൻസ്റ്റലേഷനിൽ 15.8 KV, 8.7 KV ന്റെയും AC യൂണിറ്റുകൾ ഉപയോഗിക്കുന്നുണ്ട്. പരാതിക്കാരൻ കെ.എസ്.ഇ.ബിയുടെ സിസ്റ്റത്തെ ബാധിക്കുന്ന തരത്തിൽ ഓവർലോഡ് ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാണ്.

പരാതിക്കാരനുമായി ഈ വിഷയം വാമൊഴിയായി ചർച്ച ചെയ്തിരുന്നിരുന്നെന്നും, എന്നാൽ ആവശ്യമെങ്കിൽ ട്രാൻസ്ഫോർമർ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ആവശ്യവും താൻ തള്ളിക്കളയില്ലെന്ന് അപ്പോഴും പരാതിക്കാരൻ ആവർത്തിച്ചു. ലോഡ് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷയുടെ കൂടുതൽ പ്രക്രിയയിൽ ഇത് ഒരു അനിശ്ചിതത്വം സൃഷ്ടിച്ചു. തുടർന്ന് ഈ കാര്യങ്ങളെല്ലാം രണ്ടാമത്തെ എതിർകക്ഷി 04.12.2025 തന്നെ ഒന്നാം എതിർകക്ഷിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് വിതരണം നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട ട്രാൻസ്ഫോർമറിന്റെ പിക്ക്, ഓഫ് പിക്ക്, പകൽ ലോഡ് എന്നിവയുൾപെടെ വൈദ്യുതി അനുവദിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് വിശദമായ റിപ്പോർട്ട് എതിർകക്ഷി, രണ്ടാമത്തെ എതൃകക്ഷിയോട് സമർപ്പിക്കാൻ നിർദ്ദേശിച്ചു. ഉപഭോക്താവിന്റെ നിർദ്ദിഷ്ട 10 kW സോളാർ പവർ സിസ്റ്റം അതേ ട്രാൻസ്ഫോർമറിൽ തന്നെ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചു. രണ്ടാമത്തെ എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചത് 15.12.2025 ന് ആണ്.

ലോഡ് ആന്റ് ഡിമാൻഡ് വിശകലനത്തിന്റെ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ട്രാൻസ്ഫോർമർ ശേഷി **160 KVA** ആയി കണക്കാക്കിയിട്ടുണ്ടെന്ന് സമർപ്പിക്കുന്നു. ഓവർലോഡിംഗ് തടയുന്നതിനും, വോൾട്ടേജ് നിയന്ത്രണം നിലനിർത്തുന്നതിനും, ബന്ധിപ്പിച്ച എല്ലാ ഉപഭോക്താക്കൾക്കും വിശ്വസനീയമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ സാങ്കേതികമായി അത്യാവശ്യമാണ്. അതിനാൽ പരാതിക്കാരന് നോട്ടീസ് നൽകാനും, ട്രാൻസ്ഫോർമർ **100 KVA** യിൽ നിന്ന് **160 KVA** ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുന്ന ഔപചാരിക കത്ത് നൽകാനും ഒന്നാം എതിർകക്ഷി, രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിച്ചതനുസരിച്ച് **16.12.2025** ന് രണ്ടാമത്തെ എതിർകക്ഷി നൽകിയ നിർദ്ദേശ കത്തിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻറെ അംഗീകൃത ചെലവ് ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കി, റെഗുലേഷൻ **82** പ്രകാരം **20.12.2025**ന് ഉപഭോക്താവിന് ഒരു കത്തും അതിനുള്ള എസ്റ്റിമേറ്റ് തുകയും അതിൽ വിവരിച്ചിട്ടുണ്ട്. ചെലവ് പരാമർശിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ **20.12.2025** ന് പരാതിക്കാരന് നൽകിയ കത്തും അതിൽ വിവരിച്ചിട്ടുണ്ട്. **100 KVA** ട്രാൻസ്ഫോർമർ **160 KVA** ആയി ഉയർത്തുന്നതിന് വേണ്ട എസ്റ്റിമേറ്റ് ആണ് ലൈസൻസി പരാതിക്കാരന് നൽകിയിട്ടുള്ളത്. ഇത് പരാതിക്കാരന് അനാവശ്യമായി ഒരു പണച്ചെലവും നൽകുന്നില്ല.

ഏതെങ്കിലും സോളാർ പ്ലാന്റ് സ്ഥാപിച്ചതിനെ കുറിച്ചോ, ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ അല്ലെങ്കിൽ അതിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് ഇതുവരെയായും എതിർകക്ഷിയെ പരാതിക്കാരൻ അറിയിച്ചിട്ടില്ല. ആയതിനാൽ അവ നിഷേധിക്കുന്നു. പരാതിക്കാരന് അധിക ലോഡ് ക്രമപ്പെടുത്താൻ എല്ലാ അവസരങ്ങളും നൽകി എതിർകക്ഷി കാത്തിരുന്നിട്ടും, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പി ക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിൻറെ ബാധ്യതയിൽ നിന്ന് പരാതിക്കാരൻ രക്ഷപ്പെടാൻ ശ്രമിക്കുകയാണ് ചെയ്തത്. ബാധകമായ സേവനങ്ങൾ ലഭിക്കുന്നതിന് അടക്കേണ്ട തുകയിൽ നിന്ന് ഒഴിവാക്കണമെന്ന പരാതിക്കാരന്റെ അഭ്യർത്ഥന എതിർകക്ഷികൾക്ക് സ്വീകരിക്കാൻ കഴിയില്ല എന്നും, അതിനാൽ എസ്റ്റിമേറ്റ് തുക അടവാക്കാൻ ഉപഭോക്താവിനോട് നിർദ്ദേശിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആണ് എതിർകക്ഷികൾ ഇതിനാൽ അപേക്ഷിക്കുന്നത്. എതൃകക്ഷികൾ **19.12.2025** ന് നൽകിയ കത്ത് പരാതിക്കാരന്റെ പ്രതിനിധി **acknowledge** ചെയ്തതും ഡിമാന്റ് നോട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സീലും, ഒപ്പം ഉള്ളതുമാണ്.

പകർപ്പ് ഒപ്പിട്ട് നൽകുമ്പോൾ ആയതിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ഒപ്പില്ല എന്നത് എതൃകക്ഷികൾ നിഷേധിക്കുന്നു. പലപ്പോഴും ഉപഭോക്താക്കൾക്കുള്ള കത്തുകൾ മീറ്റർ റീഡറുടെ കൈയ്യിലോ, ഓവർസീയറുടെ കൈയ്യിലോ നൽകി അവ ഉപഭോക്താവിന് എത്തിക്കുകയാണ് പതിവ് എന്ന് സമർപ്പിക്കുന്നു. പരാതിക്കാരൻ ആരോപിക്കുന്ന പോലെ രേഖകളിൽ എന്തെങ്കിലും കൃത്രിമമോ തെളിവ് ചമയ്ക്കലോ നടത്തിയിട്ടില്ല എന്ന് ഇതിനാൽ സമർപ്പിക്കുന്നു.

**Per KVA/KW** നിരക്കിനെ കുറിച്ചുള്ള തീരുമാനം **KSERC** യുടെ പരിഗണനയിലാണെന്ന് എതൃകക്ഷികൾ സമർപ്പിക്കുന്നു. അതിനാൽ ലൈസൻസിക്ക് ടി വിഷയത്തിൽ ഉപഭോക്താവിന്റെ അഭ്യർത്ഥന നിലവിൽ അംഗീകരിക്കാൻ കഴിയില്ല എന്നും സമർപ്പിക്കുന്നു. **24.02.2010** ലെ എല്ലാ ഉപഭോക്തൃ വിഭാഗങ്ങളിലും സർവീസ് കണക്ഷനുകൾ നടപ്പിലാക്കികുന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശം കെ.എസ്.ഇ.ബി പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു കെട്ടിടത്തിന്റെ ആകെ കണക്ട്ഡ് ലോഡ് **50 KVA** യും അതിൽ കൂടുതലുമാണെങ്കിൽ, മതിയായശേഷിയുള്ള പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിച്ചതിനുശേഷം മാത്രമേ കണക്ഷൻ നൽകാവൂ എന്നും അതിന്റെ ചെലവ് പരാതിക്കാരനിൽ നിന്ന് ഈടാക്കണമെന്നും അതിൽ വ്യക്തമായി പറയുന്നു. പരാതിക്കാരന്റെ ഈ കേസിൽ, നിലവിലെ ലോഡ് **47.52 kW** ആണ്. ഇത് **50 KVA** യിൽ കൂടുതലാണ് എന്നും സമർപ്പിക്കുന്നു. **2005** ലെ സപ്ലൈക്കോഡിന് ശേഷം **2010**ൽ **KSEBL** ഒരു ഗൈഡ് ലൈൻസ് പരാതിക്കാരൻ സൂചിപ്പിക്കുന്ന വിധം ഇറക്കിയിട്ടുള്ളതാണ്. എന്നാൽ **2014**ൽ ഇറങ്ങിയ **Supply Code** ന് ശേഷം ഈ ഓർഡർ നിലനിൽക്കില്ല എന്ന പരാതിക്കാരന്റെ വാദം നിഷേധിക്കുന്നു. എന്നാൽ **2014** ലെ സപ്ലൈക്കോഡിന് വിരുദ്ധമായി **2010** ലെ **KSEBL** ഗൈഡൻസിൽ കാണുന്നില്ല എന്നും സപ്ലൈക്കോഡിനുള്ളിൽ നിന്നുകൊണ്ടു തന്നെ ഓരോ ലൈസൻസിയ്ക്കും വ്യത്യസ്ത ഉത്തരവുകൾ/വ്യത്യസ്ത ഗൈഡ് ലൈനുകൾ ഇറക്കാൻ സാധിക്കുമെന്നും, **2010**ലെ ഉത്തരവ് **KSERC** ഇത് വരെ **quash** ചെയ്തിട്ടില്ല (ഒഴിവാക്കിയിട്ടില്ല) എന്നും സമർപിക്കുന്നു.

**20 kW** ശേഷിയുള്ള സോളാർ പ്ലാന്റ് ഇൻസുലേഷന്റെ ഭാഗമായി സ്ഥാപിക്കുന്നു എന്നല്ലാതെ സ്ഥാപിച്ചു കഴിഞ്ഞു എന്ന വിവരം ഇതുവരെയായും ഏതെങ്കിലും മാർഗത്തിൽ എതിർകക്ഷികളെ പരാതിക്കാരൻ അറിയിച്ചിട്ടില്ലാത്തതാണ്. ഇക്കാര്യത്തിൽ ബോധ്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ യാതൊരുവിധ വസ്തുതകൾ മറച്ച് വെക്കുന്ന പ്രവൃത്തിയും എതൃകക്ഷികളിൽ നിന്ന് ഉണ്ടായിട്ടില്ല എന്ന് സമർപ്പിക്കുന്നു. കേന്ദ്ര വൈദ്യുതി അതോറിറ്റി **(CEA)** സുരക്ഷാ മാനദണ്ഡങ്ങൾ

അനുസരിച്ചുള്ള സർവീസ് കേബിൾ ഇട്ട് അല്ല പരാതിക്കാരന് കണക്ഷൻ നൽകിയത് എന്നത് ശരിയല്ല. നിലവിൽ ബോർഡിൽ അനുശാസിച്ച് വരുന്ന വിധത്തിലെ കണക്ഷൻ നൽകുന്ന രീതികൾ മാത്രമാണ് ഉണ്ടായത് എന്നും സമർപ്പിക്കുന്നു. **Unauthorised Additional load** റെഗുലറൈസ് ചെയ്യുന്നതിന് പരാതിക്കാരന് ആവശ്യമായത്ര കാലയളവ് അനുവദിച്ചിട്ടും അതിന് നിൽക്കാതെ പരാതിക്കാരൻ **CGRF** ന് പരാതി നൽകി ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കുകയായിരുന്നു. **CGRF** മുമ്പാകെ പരാതി ആയ സ്ഥിതിക്ക് ഫോറത്തിന്റെ ഉചിതമായ തീരുമാനത്തിന് കത്ത് നൽക്കുകയാണ് എതിർകക്ഷികൾ ചെയ്തത്. പരാതിക്കാരനെ സമ്മർദ്ധത്തിലാക്കാനുള്ള ഒരു പ്രവൃത്തിയും എതൃകക്ഷികളിൽ നിന്ന് ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട **CGRF** അവരുടെ ഉത്തരവിൽ **Unauthorised Additional load** മൂലം ഉണ്ടാകുന്ന സുരക്ഷാ വീഴ്ച ഗൗരവത്തോടെ കാണുകയും നിയമാനുസൃതമായ തുക അടച്ച് പരാതിക്കാരൻ തന്റെ ലോഡ് റെഗുലറൈസ് ചെയ്യേണ്ടതും ലോഡ് റെഗുലറീസ് ആകുന്നത് വരെ അഡിഷണൽ ലോഡ് പരാതിക്കാരൻ ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടത് എന്നും ഫോറം നിരീക്ഷിച്ചിരുന്നു. ആ സാഹചര്യത്തിലാണ് എതിർകക്ഷികൾ **27.03.2026** ൽ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുശാസിക്കുന്ന വിധത്തിലുള്ള നോട്ടീസ് പരാതിക്കാരന് നൽകിയിട്ടുള്ളത്. ഇതുവരെയും പരാതിക്കാരൻ യാതൊരുവിധത്തിലും ഈ നോട്ടീസിനോട് അനുകൂലമായി പ്രതികരിച്ചിട്ടില്ല എന്നും സമർപ്പിക്കുന്നു.

മുകളിൽ സൂചിപ്പിച്ച എല്ലാ വസ്തുതകളും അനുസരിച്ച് പരാതിക്കാരന്റെ അപേക്ഷകൾ പരിഗണിക്കുമ്പോൾ, എതൃകക്ഷികളിൽ നിന്ന് ഒരു ഘട്ടത്തിലും കാലതാമസമോ മനഃപൂർവ്വമായ വീഴ്ചയോ ഉണ്ടായിട്ടില്ലെന്നും അതിനാൽ പരാതി തള്ളിക്കളയണമെന്നും, **Unauthorised load** റെഗുലറൈസ് ചെയ്യുവാൻ ആവശ്യമായ തുക അടപ്പിക്കുവാനാവശ്യമായ ഉത്തരവ് ഉണ്ടാകണമെന്നും ഇതിനാൽ അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **29/06/2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി. എച്ച്. റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. റഫീഖ് മാളിയേക്കലിന്റെ പ്രതിനിധിയായ ശ്രീ. കെ. മുഹമ്മദ് റഫീഖ് ആർ. എതിർകക്ഷി ശ്രീമതി. അമുത എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കുഴൽമന്നം, ശ്രീ. രാജു കെ. ആർ., നോഡൽ ഓഫീസർ

(ലിറ്റിഗേഷൻ) ഇലക്ട്രിക്കൽ സർക്കിൾ, പാലക്കാട്, പ്രസാദ് ജി. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടായി എന്നിവർ പങ്കെടുത്തു.

പരാതിക്കാരൻ ഒരു വീട് നിർമ്മിക്കാൻ വേണ്ടി ഒരു **LT 3** ഫേസ് താൽക്കാലിക കണക്ഷൻ **6F** താരിഫിൽ ലൈസൻസിയുടെ കോട്ടായി സെക്ഷൻ വഴി എടുത്തിരുന്നു. വീട് നിർമ്മാണം പൂർത്തിയാക്കിയപ്പോൾ **3.04 kW** ആയിരുന്ന കണക്റ്റഡ് ലോഡ് **47.52 kW** ആയി ഉയർത്തണമെന്നും താരിഫ് **6F** ൽ നിന്നും **1A** ആക്കി മാറ്റണം എന്നും കാണിച്ച് **13/11/2025** ൽ ലൈസൻസിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ലൈസൻസി **17/11/2025** ൽ സ്ഥലപരിശോധന നടത്തിയെന്ന് അവകാശപ്പെടുകയാണെങ്കിലും അതിനുള്ള തെളിവുകൾ ഒന്നും ഹാജരാക്കിയിട്ടില്ല എന്നതിനാൽ ആ അവകാശവാദം തള്ളിക്കളയുന്നു. **29/11/2025** ൽ പരിശോധന നടത്തി കണ്ടെത്തിയ പിഴവുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് കത്തു നൽകിയിരുന്നു. അതായത് അപേക്ഷ കിട്ടി **16** ദിവസങ്ങൾക്ക് ശേഷമാണ് പരിശോധന നടത്തിയിരിക്കുന്നത്. ഒരു പുതിയ കണക്ഷൻ നൽകേണ്ടപ്പോൾ പാലിക്കേണ്ട നിബന്ധനകൾ **Supply Code, 2014** വിശദീകരിച്ചിരിക്കുന്നു. **Supply Code Regulation 77** പ്രകാരം **5** പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ സ്ഥലപരിശോധന നടത്തേണ്ടതാണെന്ന് കാണാം.

***77. Inspection of the premises of the applicant by the licensee. -***

> ***(1)*** *The licensee shall on receipt of the documents as per sub regulation (5) of Regulation 76 above and after collecting the necessary fees and cost if any, stipulate a date for inspection of the premises of the applicant in consultation with the applicant, and intimate through electronic mode such as SMS/e-mail/ WhatsApp etc. accordingly.*
>
> ***(2)*** *The date of inspection shall be scheduled within five working days from the date of receipt of application form.*
>
> ***(3)*** *If the applicant wishes, he can get the inspection scheduled on a holiday for the licensee or a day specified by the consumer, on payment of an inspection fee approved by the Commission in the Schedule of Miscellaneous Charges as per Schedule-1 to the Code.*
>
> ***(4)*** *On the appointed date for inspection, the licensee shall inspect and test, in the presence of the applicant or his authorized representative and the concerned licensed electrical contractor, the installation of the applicant and shall maintain a record of test results in the format given in Annexure – 6, as required of him under the provisions of the Central Electricity Authority (Measures relating to Safety and Electricity Supply) Regulations, 2023, as amended from time to time.*
>
> ***(5)*** *During the inspection, the licensee shall: —*

*(a) determine and record the connected load of the consumer in accordance with the completion report submitted;*

*(b) verify and record the correct full address of the premises and note down landmarks near the property and the number of the pole or the details of the distribution pillar from where service connection is proposed to be given; and*

*(c) verify all other particulars mentioned in the application form, as required.*

അതുപോലെതന്നെ പരിശോധനയിൽ കണ്ടെത്തിയ പിഴവുകൾ ചൂണ്ടിക്കാട്ടി കത്ത് നൽകേണ്ടതാണെന്ന് റെഗുലേഷൻ 78 ൽ പ്രതിപാദിച്ചിട്ടുണ്ട്.

***78. Rectification of defects found in the inspection. -***

*(1) If on inspection, the licensee finds any defect in the installation of the applicant, the licensee shall intimate, in the format given at Annexure - 6 of the Code, the defects to the applicant on the spot under proper acknowledgement*

*(2) The applicant shall get all the defects rectified within ten days from the date of receipt of the intimation of defects as specified in subregulation (1) above and inform the licensee*

*(3) In case the applicant fails to rectify such defects or fails to inform the licensee about the rectification of defects, the application form shall be kept in abeyance and the applicant will lose his priority:*

*Provided that the licensee may grant additional time to the applicant for completion of the works without any defects, in case the applicant submits a written request for the same, within ten days from the date of receipt of intimation regarding defects.*

ഇവിടെ പിഴവുകൾ പരിഹരിച്ചു എന്ന റിപ്പോർട്ട് നൽകിയിരിക്കുന്നത് **02/12/2025** ൽ ആണെന്നുകാണാം. പിഴവുകൾ പൂർണമായും പരിഹരിച്ചു എന്ന് ലൈസൻസി പുനഃ പരിശോധനയിൽ ഉറപ്പുവരുത്തേണ്ടതാണെന്ന് റെഗുലേഷൻ 79 ൽ വിവരിക്കുന്നു.

***79. Re-inspection of the premises after rectification of defects. —***

*(1) On receipt of information from the applicant about the rectification of defects, the licensee shall reinspect the premises of the applicant in consultation with the applicant, under intimation through electronic modes such as SMS, e-mail, and WhatsApp. The re-inspection shall generally be conducted within three working days.*

ഇവിടെ **Supply Code** ൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥലപരിശോധന നടത്തിയിട്ടില്ല എന്നത് ലൈസൻസിയുടെ വീഴ്ചയായി

കണക്കാക്കാം. വീണ്ടും പരിശോധനയിൽ കണക്ടഡ് ലോഡ് **47.57 kW** ആയി നിജപ്പെടുത്തുകയുണ്ടായി. പരാതിക്കാരൻ അവകാശപ്പെട്ടതുപോലെ **20 kW Hybrid Solar** സ്ഥാപിക്കുക വഴി കണക്ടഡ് ലോഡ് കുറയും എന്നത് അംഗീകരിക്കാൻ കഴിയില്ല.

ലൈസൻസി അറിയിച്ചിട്ടുള്ളത് ഇപ്പോൾ ഈ സർവീസ് കണക്ഷൻ നൽകിയിരിക്കുന്നത് **100 kVA** ശേഷിയുള്ള ആനിക്കോട് ട്രാൻസ്ഫോർമറിൽ നിന്നാണ്. ഈ ട്രാൻസ്ഫോർമറിൽ കുടിവെള്ള പദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള യഥാക്രമം **35 HP, 36 HP** ശേഷിയുള്ള രണ്ട് പമ്പ് സെറ്റുകളും കൂടാതെ **20** ഓളം ഗാർഹിക കണക്ഷനുമാണ് കണക്ട് ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ **47.52 kW** അധിക ലോഡ് ട്രാൻസ്ഫോർമറിന്റെ ശേഷിക്ക് അതീതമായതിനാൽ ട്രാൻസ്ഫോർമർ തന്നെ കത്തി പോകാൻ ഇടയാകും. അതിനാൽ **100 kVA** ട്രാൻസ്ഫോർമർ മാറ്റി **160 kVA** ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുക ഉപഭോക്താവ് വഹിക്കണമെന്നാണ് ലൈസൻസി അറിയിച്ചിട്ടുള്ളത്. ലൈസൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് **Rs. 4,15,680.29/-** ആണ്. അതിൽ നിന്ന് മാറ്റുന്ന **100 kVA** ട്രാൻസ്ഫോർമറിന്റെ വില കിഴിച്ച് **Rs. 2,85,374/-** ആണ് പരാതിക്കാരനോട് ആവശ്യപ്പെട്ടത്. ഇത് നിയമപരമായി നിലനിൽക്കുന്ന വസ്തുതയാണ്. വൈദ്യുത നിയമം **2003** ലെ സെക്ഷൻ **46** പ്രകാരം ഒരു കണക്ഷൻ നൽകാൻ വേണ്ടി ചെലവാകുന്ന തുക ഉപഭോക്താവിൽ നിന്ന് ഈടാക്കാം എന്ന് സ്ഥാപിച്ചിട്ടുണ്ട്.

***Section 46. (Power to recover expenditure):*** *The State Commission may, by regulations, authorise a distribution licensee to charge from a person requiring a supply of electricity in pursuance of section 43 any expenses reasonably incurred in providing any electric line or electrical plant used for the purpose of giving that supply.*

കൂടാതെ **Supply Code, 2014 regulation 82** ലും **83** ലും ഈ ചെലവാകുന്ന തുക ഉപഭോക്താവ് അടക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

***82. Demand note to be prepared as per cost data/per kVA/kW rate approved by the Commission. -***

> ***(1)*** *The demand note shall be prepared as per the provisions of this Code and on the basis of 93[cost data/per kVA/kW rate] approved by the Commission, from time to time.*
>
> ***(2)*** *The demand note shall be valid for the period mentioned in it, subject to a minimum of two months from the date of issue of the demand note.*
>
> ***(3)*** *The demand note shall contain the following details: -*

*(i) particulars of entire works to be undertaken for providing electricity supply applied for and the items of works for which the applicant has to bear the expenditure;*

*(ii) amount to be remitted by the applicant as estimated at the rates in cost data approved by the Commission;*

*(iii) amount of security deposit as specified in Annexure - 3 to this Code.*

***83. Payment of expenditure as per demand note. -***

*(1) The applicant shall make the payment within fifteen days of receipt of demand note, failing which the application shall stand lapsed and the applicant shall be informed accordingly in writing under acknowledgement:*

*Provided that the licensee may grant enlargement of time to the applicant for payment of charges in case the applicant submits with in fifteen days of the receipt of demand note, a written request for such enlargement of time.*

ഇവിടെ പരാതിക്കാരന്റെ വാദം കണക്ടഡ് ലോഡിന് അനുപാധികമായ തുകയേ ലൈസൻസിക്ക് ആവശ്യപ്പെടാൻ കഴിയൂ എന്നത് 82(1) ൽ വളരെ വ്യക്തമായി പറയുന്നു. **Estimate prepared as per cost data, or per kVA/kW rate approved by the commission. KSERC** ഇതുവരെയും **per kVA/kW rate** പ്രസിദ്ധീകരിച്ചിട്ടില്ല. അതിനാൽ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള **cost data** പ്രകാരമുള്ള **estimate** ആണ് തയ്യാറാക്കേണ്ടത്. കൂടാതെ ഇത് **75(9)** ലും വിവരിച്ചിട്ടുണ്ട്. അതാണ് ഇവിടെ ലൈസൻസി നൽകിയിട്ടുള്ളത്.

***75. Submission of application for various services. —***

*(9) In case of applicants requiring power feasibility the applicant shall remit the tentative cost for providing the supply as per the kVA/kW rate or the amount based on cost data, as applicable, to enable the licensee to develop the infrastructure in advance: Provided that after completion of the electrical installation in the building the applicant shall submit following documents through online mode: Exact load details, layout of the installation, schematic drawing, premises details, test cum completion certificate signed by the licensed electrical contractor and wireman/supervisor or energization approval and other documents required for providing a new service connection.*

മുകളിൽ പ്രതിപാദിച്ചിട്ടുള്ള റെഗുലേഷൻ പ്രകാരം ലൈസൻസി നൽകിയിട്ടുള്ള എസ്റ്റിമേറ്റ് നിലനിൽക്കുന്നതാണ്.

പരാതിക്കാരന്റെ മറ്റൊരാക്ഷേപം പരിശോധിച്ചിട്ട് നൽകിയിട്ടുള്ള ഡിഫക്ട് റിപ്പോർട്ടിൽ ബാധകമല്ലാത്ത **20** ഇനങ്ങൾ കാണിച്ചിരുന്നു എന്നതാണ്. ലൈസൻസി സാധാരണ നൽകാറുള്ള **printed form** ആയതിനാൽ ബാധകമല്ലാത്തവ വെട്ടിക്കളയാത്തതിനാൽ ഉണ്ടായ തെറ്റാണെന്നാണ്

ലൈസൻസി സ്ഥാപിക്കുന്നു. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ലൈസൻസി ശ്രദ്ധിക്കേണ്ടതാണ്.

**RCCB** യുടെ പരിശോധനാ റിപ്പോർട്ട് ആവശ്യപ്പെട്ടത് റെഗുലേഷൻ പ്രകാരമല്ല എന്നതാണ് പരാതിക്കാരന്റെ മറ്റൊരാക്ഷേപം. റെഗുലേഷൻ **15(5)** ൽ **Earth leakage protection** ന്റെ ആവശ്യകത വ്യക്തമാക്കുന്നു.

***15. Wiring in the premises of the consumer. -***

> ***(5)*** *All the consumers, irrespective of the connected load, shall install a suitable device for earth leakage protection such as RCCB, having sensitivity as specified by BIS and approved by the Electrical Inspector.*

മനുഷ്യജീവന്റെ സുരക്ഷയ്ക്കായിട്ടുള്ള സംവിധാനങ്ങളിൽ വിട്ടുവീഴ്ച കാണിച്ചാൽ അത് വലിയ അപകടങ്ങൾക്കിടയാക്കും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

യഥാർത്ഥ കണക്ടഡ് ലോഡ് നിശ്ചയിച്ച് ക്രമപ്പെടുത്താനുള്ള നിബന്ധനകൾ പാലിക്കാൻ പരാതിക്കാരൻ തയ്യാറല്ലാതിരുന്നതിനാൽ **Solar plant** ഗ്രിഡിൽ കണക്ട് ചെയ്യാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം പരാതിക്കാരന് മാത്രമാണെന്ന് തെളിയുന്നു. ലൈസൻസി നൽകിയ **demand notice** ഒപ്പിടാതെ നൽകിയെന്ന വാദം പരിശോധിക്കുമ്പോൾ ആ കത്തിൽ ലൈസൻസിയും ഒപ്പിട്ടിട്ടുണ്ട്, കൂടാതെ കൈപ്പറ്റിയതായി പരാതിക്കാരന്റെ പ്രതിനിധിയും ഒപ്പിട്ടിരിക്കുന്നു. എന്നാലും ഒപ്പിടാതെനൽകിയ ഒരു കത്തിന്റെ കോപ്പി പരാതിക്കാരൻ സമർപ്പിച്ചിരുന്നു. ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കാൻ ലൈസൻസി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള **Rs. 2,85,374/-** രൂപ അടയ്ക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്.
2. പ്രസ്തുത തുക ഉത്തരവിറങ്ങി **30** ദിവസത്തിനകം പരാതിക്കാരൻ അടയ്ക്കേണ്ടതും, തുക അടച്ച് **15** ദിവസത്തിനകം ലൈസൻസി

ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ച് കണക്റ്റഡ് ലോഡ് ക്രമപ്പെടുത്തി നൽകേണ്ടതുമാണ്.

3. കണക്റ്റഡ് ലോഡ് ക്രമപ്പെടുത്തുന്നതുവരെ വൈദ്യുത ലോഡ് നിയന്ത്രിച്ച് നൽകപ്പെട്ടിട്ടുള്ള ലോഡിനുള്ളിൽ ഉപയോഗിക്കേണ്ടതാണ്.

4. കണക്ഷനുള്ള അപേക്ഷ ലഭിച്ചിട്ട് യഥാസമയം ലൈസൻസി പരിശോധന നടത്തിയിട്ടില്ല എന്നത് ലൈസൻസിയുടെ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. അതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

5. പരിശോധനയ്ക്കുശേഷം ഡിഫക്ട് റിപ്പോർട്ട് നൽകുമ്പോൾ ബാധകമായവ മാത്രം ഉൾപ്പെടുത്താൻ ലൈസൻസി ശ്രദ്ധിക്കേണ്ടതാണ്.

6. മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/027/2026/** തീയതി: **08-07-2026.**

**അയക്കുന്നത്:**

1. ശ്രീ. റഫീഖ് മാളിയേക്കൽ മുഹമ്മദ്, പുടൂർ, കരിയംകോട് പി.ഒ., പാലക്കാട് ജില്ല- **678706**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കുഴൽമന്നം, പാലക്കാട് ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, ഉപഭോക്തൃ പരാതി പരിഹാര ഫോറം, വൈദ്യുതി ഭവനം, കെഎസ്ഇബി, ഗാന്ധി റോഡ്, കോഴിക്കോട്, പിൻ **673011.**